ശ്രദ്ധക്ഷണിക്കൽ

സൈബർ കുറ്റകൃത്യം തടയുന്നതിന് നിയമനിർമ്മാണം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത് തടയുവാനും ശക്തമായ നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കുമാണ് ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വളരെയേറെ വർദ്ധിച്ചുവരികയാണ്. ദിനംപ്രതി നിരവധി കേസുകളാണ് രജിസ്റ്റർ ചെയ്യുന്നത്. സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളുടെ പ്രചാരണത്തോടെ ഇത്തരം കുറ്റകൃത്യങ്ങൾക്ക് യാതൊരു നിയന്ത്രണവും ഇല്ലാതായിരിക്കുകയാണ്. മൊബൈൽ ഫോണിലൂടെയും ഇന്റർനെറ്റിലൂടെയും സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിൽ വ്യാജ പ്രോഫൈൽ ഉണ്ടാക്കിയും ആരെ വേണമെങ്കിലും സമൂഹത്തിന്റെ മുൻപിൽ അപകീർത്തിപ്പെടുത്താവുന്ന അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഇത് നിയന്ത്രിക്കുവാൻ ഫലപ്രദമായ സംവിധാനങ്ങൾ ഇന്നില്ല. വിവിധ തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് ഇപ്പോഴുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. ഇന്ന് യുവ തലമുറയിലും കുട്ടികൾക്കിടയിലും സോഷ്യൽ മീഡിയായുടെ അതിപ്രസരം വ്യാപകമായ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. മറ്റുള്ളവരെ ചതിക്കുവാനും കബളിപ്പിക്കുവാനും നൂതനമായ നിരവധി സാധ്യതകൾ ഇന്ന് നിലവിലുണ്ട്. സാമ്പത്തിക വഞ്ചന നടത്തുക വ്യക്തികളുടെ സൽപ്പേരും സ്വകാര്യതയും ഇല്ലാതാക്കുക വെബ് സൈറ്റുകൾ ഹാക്ക് ചെയ്യുക തുടങ്ങിയ പല തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. സോഷ്യൽ മീഡിയയിലൂടെയുള്ള ഇത്തരം പ്രചരണങ്ങൾ

വളരെയേറെ പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിനുണ്ടാക്കുകയാണ്. ഫേസ് ബുക്കിലൂടെ ഒരാൾ നിരന്തരമായി അപമാനിച്ചതുകൊണ്ടാണ് കൊച്ചിയിൽ ഒരു സ്ത്രീ ആത്മഹത്യ ചെയ്തത്. അന്ന് ഈ സഭയിൽ ഞാൻ ഒരു സബ്മിഷൻ അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട അങ്ങ് പ്രതികളെ പിടികൂടി നിയമ നടപടികളെടുക്കാൻ നിർദ്ദേശം നൽകിയതും പത്രമാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ചില കേസുകളിൽ നടപടി എടുക്കുന്നുണ്ടെങ്കിലും, ഭൂരിപക്ഷം കേസുകളിലും അപമാനിക്കപ്പെടുന്നത് സ്ത്രീകളാണ്. അവർ പലപ്പോഴും പരാതി നൽകാതെ പോകുകയാണ് പതിവ്. പരാതി നൽകുവാൻ പോലീസ് സ്റ്റേഷനിലോ ബന്ധപ്പെട്ട അധികൃതരെയോ സമീപിക്കുമ്പോൾ ഫേസ് ബുക്കുമുഖേന നിങ്ങൾ എന്തിനാണ് ബന്ധപ്പെടുന്നത്; നിങ്ങൾക്ക് വേറെ ജോലിയൊന്നുമില്ലേ? എന്ന രീതിയിൽ നിരാശപ്പെടുത്തുന്ന മറു ചോദ്യങ്ങളാണ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഭൂരിപക്ഷവും സ്ത്രീകളാണ് സൈബർ കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നത്. ഇതുമൂലം വിവാഹം ഉറപ്പിച്ചത് നടക്കാതെ പോയവരും വിവാഹ മോചനം നടത്തിയവരും മാനസിക പിരിമുറുക്കം കാരണം ആത്മഹത്യ ചെയ്തവരും കുടുംബബന്ധങ്ങൾ തകർന്നതുമൂലം മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരുമുണ്ട്. ഉന്നത സ്ഥാനങ്ങളിൽ ഇരിക്കുന്നവരേയും പൊതുപ്രവർത്തകരേയും ഇന്ന് ഏറ്റവും ചെലവുകുറഞ്ഞ രീതിയിൽ അപമാനിക്കുവാൻ കഴിയുന്ന മീഡിയയായി സോഷ്യൽ നെറ്റ് വർക്ക് മീഡിയ മാറിയിരിക്കുകയാണ്. എത്രയോ ഉദാഹരണങ്ങൾ വേണമെങ്കിൽ പറയാം, സമയക്കുറവുകാരണം അതിലേയ്ക്ക് കടക്കുന്നില്ല. സ്ത്രീകളുടെ സുരക്ഷിതത്വത്തിനും അതിക്രമങ്ങൾക്കുമെതിരെ ശക്തമായ നിയമനിർമ്മാണം നടത്തിയ രാജ്യമാണ് നമ്മുടേത്. അങ്ങനെ നിയമനിർമ്മാണം നടത്തിയപ്പോൾ വളരെയധികം മാറ്റങ്ങൾ

നമ്മുടെ സമൂഹത്തിനുണ്ടായി എന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. ഇവിടെ മയക്കുമരുന്നും കഞ്ചാവും പരസ്യമായി വിൽക്കാൻ ആരും തയ്യാറാകുന്നില്ല. അത് നിയന്ത്രിക്കാനും നിയമ നടപടികളെടുക്കാനും ശക്തമായ നിയമ നിർമ്മാണം ഉള്ളതുകൊണ്ടാണ് അങ്ങനെ ചെയ്യാതിരിക്കുന്നത്. സോഷ്യൽ നെറ്റ്‌വർക്ക് വഴിയുള്ള കുറ്റകൃത്യങ്ങൾ തടയാൻ ഇപ്പോഴുള്ള നിയമം അപര്യാപ്തമാണ്. കാരണം ഇപ്പോൾ എല്ലാ ജില്ലകളിലും പോലീസ് സൈബർ സെൽ പ്രവർത്തിക്കുന്നുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. പക്ഷെ സൈബർ സെല്ലിന്റെ പ്രവർത്തനം പരാതി കൊടുക്കുന്നവരുടെ പരാതി വാങ്ങി അതിന്മേൽ നടപടി എടുക്കുന്നതല്ല മറിച്ച് പരാതി കൊടുത്താൽ വാങ്ങി വയ്ക്കും, അല്ലാതെ കുറ്റകൃത്യങ്ങൾ തടയുവാനുള്ള സംവിധാനം ഇന്ന് സൈബർ സെല്ലിന് ഉള്ളതായി അറിയാൻ കഴിയുന്നില്ല. വ്യാജ ഐ.ഡി. ഉപയോഗിച്ചാണ് ഇങ്ങനെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത്. വ്യാജ ഐ.ഡി. രണ്ടു രീതിയിൽ ഉണ്ടാക്കാം. ഒന്ന്, മനപ്പൂർവ്വം ഒരാളെ അവഹേളിക്കാനും അപകീർത്തിപ്പെടുത്തുവാനും വ്യജ ഐ.ഡി. ഉണ്ടാക്കാറുണ്ട്. ചിലർ പോസിറ്റീവായിട്ടുള്ള കാര്യങ്ങൾ എഴുതുവാൻ വ്യാജ ഐ.ഡി. ഉണ്ടാക്കാറുണ്ട്. പക്ഷെ മനപ്പൂർവ്വം വ്യാജ ഐ.ഡി. ഉണ്ടാക്കി ഒരാളെ അപകീർത്തിപ്പെടുത്തുന്നതിനെതിരെയാണ് നടപടികൾ എടുക്കേണ്ടത്.

വ്യാജ ഐ.ഡി. ഉണ്ടാക്കുന്നതിലൂടെ വ്യക്തികളെ അപമാനിക്കുക മാത്രമല്ല വംശീയ സംഘർഷങ്ങൾ ഉണ്ടാക്കുവാനും തീവ്രവാദം പ്രോത്സാഹിപ്പിക്കുവാനും സോഷ്യൽ നെറ്റ് വർക്ക് മീഡിയകൾ ഉപയോഗിക്കുന്നു. ആസാം കലാപകാലത്ത് വ്യാജ പ്രൊഫൈലുണ്ടാക്കി കലാപം വ്യാപിപ്പിക്കുവാൻ സോഷ്യൽ മീഡിയ നെറ്റ്‌വർക്ക് ഉപയോഗിച്ചത് നമുക്കറിയാം. വ്യാജ

ഐ.ഡി. ഉണ്ടാക്കുന്നത് ആരാണെന്ന് അന്വേഷിച്ചാൽ അധികൃതർ കൃത്യമായ വിവരങ്ങൾ നൽകാറില്ല. അതുകൊണ്ട് വ്യാജ പ്രൊഫൈൽ ഉണ്ടാക്കുകയും അപകീർത്തികരമായ വിവരങ്ങൾ ഷെയർ ചെയ്യുകയും ചെയ്യുന്നവരുടെ വിവരങ്ങൾ കൃത്യമായി ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാകണം. സൈബർ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് കടുത്തശിക്ഷകൾ നൽകുന്ന രീതിയിൽ നമ്മുടെ നിയമം മാറണം. ഇതിന് നിയമനിർമ്മാണം ആവശ്യമാണ്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ ജാമ്യമില്ലാ വകുപ്പിൽപ്പെടുത്തി കേസെടുക്കുവാൻ സാധിക്കണം. ശക്തമായ നിയമങ്ങളുണ്ടെന്നറിഞ്ഞാൽ ഇതുപോലുള്ള കുറ്റകൃത്യങ്ങളിൽ നിന്നും ആളുകൾ മാറും. സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് നൂതന സംവിധാനങ്ങൾ ആവശ്യമാണ്. എല്ലാ ജില്ലകളിലും സൈബർ പോലീസ്സ്റ്റേഷൻ ആരംഭിക്കണം. സാധാരണ പോലീസ് സ്റ്റേഷനിൽ പരാതിയുമായി ചെല്ലുമ്പോൾ, 100 കണക്കിന് മറ്റ് പരാതികളുമായി ഇരിക്കുന്ന പോലീസുകാർ, സൈബർ കുറ്റകൃത്യങ്ങളെ അവർ നിസാരമായി കാണുന്നു. അതുകൊണ്ട് സൈബർ പോലീസ്സ്റ്റേഷനുകൾ എല്ലാ ജില്ലകളിലും സ്ഥാപിച്ച് ഈ വിഷയത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി ഞാൻ അങ്ങയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെ ഉന്നയിച്ച വിഷയം ഇന്ന് സംസ്ഥാനത്തിൽ മാത്രമല്ല ദേശീയ, അന്തർദേശീയതലത്തിലെ രാഷ്ട്രത്തലവന്മാരെപ്പോലും ചിന്തിപ്പിക്കുന്ന ഒരു പ്രശ്നമാണ്. ആധുനിക ആശയവിനിമയ സൗകര്യങ്ങൾക്കായി ഉപയോഗിക്കുന്ന ഇലക്ട്രോണിക് മാധ്യമങ്ങളുടെ ദുർവിനി

യോഗമാണ് സൈബർ കുറ്റകൃത്യങ്ങൾക്ക് കാരണം. മൊബൈൽഫോണുകളിൽ ഇന്റർനെറ്റ് സൗകര്യം സുലഭമായതോടെ സൈബർ കുറ്റകൃത്യങ്ങൾ അടുത്തക്കാലത്ത് വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ചെറുപ്രായക്കാർ മുതൽ മദ്ധ്യവയസ്ക്കർ വരെയുള്ള സ്ത്രീകളും പുരുഷന്മാരും ഇതിന്റെ ദൂഷ്യഫലമനുഭവിക്കുന്നു. സൈബർ കുറ്റകൃത്യങ്ങൾ സംസ്ഥാനത്തിനുള്ളിൽ മാത്രമല്ല അന്തർദേശീയമായി വ്യാപിച്ചിട്ടുള്ളതാണ്. ഇന്റർനെറ്റിന്റെ ഉപമാധ്യമങ്ങളായ ഇ-മെയിൽ, ചാറ്റ് റൂം, നോട്ടീസ് ബോർഡ് മുതലായ പ്രത്യേക ഉദ്ദേശത്തോടെയോ അല്ലാതെയോ ദുർവിനിയോഗം ചെയ്യുന്നതിലൂടെ വ്യക്തികൾക്കും സമൂഹത്തിനും രാജ്യത്തിനും വ്രണമേൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Fraud and Financial Crimes, Obscene or offensive content, Harassment, Threats, Drug trafficking, Cyber Terrorism, Cyber warfare മുതലായവയാണ് സൈബർ കുറ്റകൃത്യങ്ങൾ. ഈ കുറ്റകൃത്യങ്ങൾ ഇന്ന് അന്തർദേശീയതലത്തിൽ പോലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഡ്രഗ് ട്രാഫിക്കിംഗ് ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളും തീവ്രവാദവും ഫലപ്രദമായ രീതിയിൽ ഉപയോഗിക്കപ്പെടുന്നുവെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. സംസ്ഥാനത്ത് 2009 മുതൽ വിവിധ സൈബർ കുറ്റകൃത്യങ്ങൾക്ക് 73 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2010-ൽ 159 ആയും 2011-ൽ 325 ആയും 2012-ൽ 416 ആയും 2013-ൽ 548 ആയും വർദ്ധിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും സംസ്ഥാനത്ത് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറായി ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ 1.7.2009 മുതൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചു

വരുന്നു. കൂടാതെ തിരുവനന്തപുരം പോലീസ് ആസ്ഥാനത്ത് അസിസ്റ്റന്റ് കമാന്റിന്റെ നേതൃത്വത്തിൽ ഹൈ–ടെക് ക്രൈം എൻക്വയറി സെല്ലും എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.–മാരുടെ കീഴിൽ ഓരോ സൈബർ സെല്ലുകളും പ്രവർത്തിച്ചുവരുന്നു. പരാതികൾ കിട്ടുന്ന മുറയ്ക്ക് പരിഹരിക്കുന്നതിന് ഈ സ്ഥാപനങ്ങൾ വഴി നടപടി സ്വീകരിച്ചു വരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 2000–ലെ ഐ.റ്റി. ആക്ടിന്റെ വകുപ്പുപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ഐ.ടി. ആക്ടിലെ ഈ സെക്ഷൻ പോലും ദുർബലമാണെന്നുള്ളതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. സോഷ്യൽ മീഡിയയുടെ അതിപ്രസരം കൊണ്ടും മറ്റും സൈബർ കുറ്റകൃത്യ ങ്ങളെക്കുറിച്ചുള്ള ഭവിഷത്തുകളെക്കുറിച്ചും കുട്ടികൾക്കിടയിലും യുവതലമു റയിലും പൊതുജനങ്ങൾക്കിടയിലും അവബോധം വളർത്തുന്നതിനും അവയ്ക്ക് ഇരകളാകാതിരിക്കുന്നതിനും സ്കൂളുകൾ, കോളേജുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, വിവിധ റസിഡൻസ് അസോസിയേഷനുകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, ദൃശ്യ–ശ്രവ്യ പത്രമാധ്യ മങ്ങൾ എന്നിവയുമായി ചേർന്ന് ജനമൈത്രി പോലീസിന്റെയും സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെയും സഹകരണത്തോടെ സംസ്ഥാനത്തുടനീളം ഹൈ–ടെക് ക്രൈം എൻക്വയറി സെല്ലിന്റെയും ജില്ലാ സൈബർ സെല്ലുകളുടേയും നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ ആഭ്യന്തരവകുപ്പ് നടത്തി വരുന്നു. ഇന്റർനെറ്റ് തട്ടിപ്പുകളിലും സാമ്പത്തിക കുറ്റകൃത്യങ്ങളിൽ പങ്കാളിക ളായവരും അന്താരാഷ്ട്രതലത്തിൽ സംഘടിതമായി പ്രവർത്തിക്കുന്നതായി ട്ടാണ് കണ്ടുവരുന്നത്. അന്വേഷണത്തിനും കുറ്റവാളികളിലേയ്ക്ക് എത്തിച്ചേ

രുന്നതിനും രാജ്യാന്തര അതിർത്തികൾ കടക്കേണ്ടി വരുന്നു. പല സൈബർ കുറ്റകൃത്യങ്ങളും ആവശ്യമായ വിവരങ്ങൾ അന്തർദേശീയ സേവനദാദാക്കളിൽ നിന്നും ലഭിക്കാറില്ല. അവർ അക്കാര്യത്തിൽ ഉറച്ച നിലപാടാണ് സ്വീകരിക്കുന്നത്. ഇന്ത്യയ്ക്ക് വെളിയിൽ വച്ചുനടക്കുന്ന സൈബർ കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ ലഭ്യമാകുന്നതിന് അന്തർദേശീയ സേവനദാദാക്കൾ മ്യൂച്ചൽ ലീഗൽ അസിസ്റ്റന്റ് ട്രീറ്റി ആവശ്യപ്പെടാറുണ്ട്. അത് ദേശീയതലത്തിൽ, കേന്ദ്ര ഗവൺമെന്റ് തന്നെ മറ്റുരാജ്യങ്ങളുമായി ഡിപ്ലോമാറ്റിക് ചാനലിലൂടെ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യമാണ്. അപകീർത്തികരമായ നിലയിലുള്ള വസ്തുക്കൾ പരസ്യം ചെയ്യൽ, വെബ്സൈറ്റ് ഹാക്കിംഗ്, നെറ്റ് വഴിയുള്ള ബ്ലാക്ക്മെയിൽ, ക്രെഡിറ്റ് കാർഡുവഴിയുള്ള തട്ടിപ്പ്, എസ്.എം.എസ്. ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ എന്നിവ അന്വേഷിക്കുന്നതിന് പ്രത്യേക പരിശീലനവും ഉപകരണങ്ങളും ആവശ്യമാണ്. യോഗ്യരായ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പോലീസ് ഹൈ–ടെക് ക്രൈം എൻക്വയറി സെൽ ആസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ച് വരുന്നു. ഇവർക്കും ജില്ലാ സൈബർ സെല്ലുകളിലെ പോലീസ് ഉദ്യോഗസ്ഥർക്കും കാലാകാലങ്ങളിൽ വിദഗ്ദ്ധമായ പരിശീലനം നൽകിവരുന്നുണ്ട്. പാസ്‌വേഡ് ട്രാക്കർ, ഹാർഡ് വെയർ ആന്റ് സോഫ്റ്റ് വെയർ, മൊബൈൽ ഫോൺ എക്സ്ട്രാക്റ്റർ, കാൾ ഡേറ്റാ അനാലിസിസ് സോഫ്റ്റ് വെയർ, സൈബർ ഫോറൻസിക് റ്റൂൾസ് മുതലായ ആധുനിക സംവിധാനങ്ങൾ ഇതിലേയ്ക്കായി ഉപയോഗിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൈബർ പോലീസ് സ്റ്റേഷനിലേയ്ക്ക് ഒരു ഡിവൈ.എസ്.പി, 4 ഇൻസ്പെക്ടർമാർ എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സൈബർ സെല്ലുകളിലേയ്ക്കാവശ്യമായ 133 തസ്തികകൾ വിവിധ

വിഭാഗങ്ങളിലായി 1.8.2013-ൽ അനുവദിച്ച് നൽകിയിട്ടുണ്ട്. സൈബർ സുരക്ഷയ്ക്കായി അന്താരാഷ്ട്രതലത്തിലുള്ള പോലീസ് ഏജൻസികളുമായി ബന്ധപ്പെടുന്നതിനും അന്താരാഷ്ട്രതലത്തിലുള്ള ഉദ്യോഗസ്ഥരുമായി സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണവും പുതിയ ട്രെന്റുകൾ മനസിലാക്കുന്നതിനുമായി അന്താരാഷ്ട്ര സമ്മേളനം 'കൊക്കൂൺ' ഓരോ വർഷവും നടത്തിവരാറുണ്ട്. ഇതിലൂടെ അന്വേഷണ ഉദ്യോഗസ്ഥർക്ക് അന്താരാഷ്ട്ര തലത്തിലുള്ള സൈബർ കുറ്റകൃത്യങ്ങളും അവയുടെ അന്വേഷണത്തിലുള്ള മാറ്റങ്ങളും മനസിലാക്കാൻ സാധിക്കുന്നു. ദേശീയതലത്തിലും അന്തർദേശീയതലത്തിലും വ്യാപിച്ചുകിടക്കുന്ന നെറ്റ്‌വർക്കിന്റെ യഥാർത്ഥ വിവരങ്ങൾ മനസിലാക്കുക എന്നതാണ് പ്രധാനകാര്യം. ഇതിനായി സംസ്ഥാനത്ത് പുതിയ സൈബർ ഡോം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ടെക്നോപാർക്കിൽ 1500 സ്ക്വയർ ഫീറ്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്. ആ സ്ഥലം ഞാൻ നേരിട്ട് പോയി പരിശോധിച്ചു. വൈകാതെ ഒരു സൈബർ ഡോം സ്ഥാപിക്കും. ഡിപ്ലോമാറ്റിക് ചാനലിലൂടെ തന്നെ പല വിവരങ്ങളും നമുക്ക് ലഭ്യമാകേണ്ടതായിട്ടുണ്ട്. കുറ്റവാളികൾ, തീവ്രവാദികളും ഡ്രഗ് മാഫിയകളും പദ്ധതികൾ ഓപ്പറേറ്റ് ചെയ്യുന്നത് സൈബർ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് എന്നുള്ളത് ഇതുസംബന്ധിച്ച കൺസേൺ വർദ്ധിപ്പിക്കുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും നിയന്ത്രണ വിധേയമാക്കുന്നതിനും നിലവിലുള്ളതിനേക്കാൾ ശക്തമായ നീതിനിർവ്വഹണം ആവശ്യമാണെന്ന വസ്തുത സർക്കാരും അംഗീകരിക്കുന്നു. സംസ്ഥാനത്ത് മാത്രമല്ല പാർലമെന്റിലും ഇതിന് അനുബന്ധമായ നിയമം പാസാക്കണം. പാർലമെന്റ് ഇതുസംബന്ധിച്ച നിയമം പാസാക്കാൻ മുന്നോട്ടു വന്നെങ്കിൽ മാത്രമേ

സംസ്ഥാനങ്ങൾക്ക് സൈബർ കുറ്റങ്ങൾ ഫലപ്രദമായി തടയാൻ കഴിയൂ എന്നുള്ളതാണ് യാഥാർത്ഥ്യം. 2000-ലെ സൈബർ നിയമം കൊണ്ടുമാത്രം ന്യൂ ജനറേഷൻ ക്രൈംസ്, വൈറ്റ് കോളർ ക്രൈംസ് എന്നിവ ഫലപ്രദമായി തടയാൻ കഴിയാത്ത അവസ്ഥ ഇന്ന് നിലവിലുണ്ട്. അതുകൊണ്ട് പാർലമെന്റ് പുതിയ നിയമം പാസാക്കുകയും വിവിധ രാജ്യങ്ങളുമായി ഇത് ഷെയർ ചെയ്യാനും ക്രൈമിനെ സംബന്ധിച്ച വിവരങ്ങൾ കൈമാറുവാനുമുള്ള സംവിധാനം ഉണ്ടാക്കുകയാണ് ഏറ്റവും ആവശ്യം. പോലിസിന്റെ മാത്രമല്ല. ജനപ്രതിനിധികളുടേയും ജനങ്ങളുടേയും സത്വരമായ ശ്രദ്ധയും സഹകരണവും ഉണ്ടെങ്കിൽ മാത്രമേ ഫലപ്രദമായി ഇതിനെ തടയാൻ കഴിയുകയുള്ളൂ. അതുപോലെ എല്ലാവരുടേയും ശ്രദ്ധ ഒരു കാര്യത്തിലേയ്ക്ക് ആകർഷിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ പുതിയ തലമുറയിൽപ്പെട്ട കുട്ടികളുടെ രക്ഷകർത്താക്കൾ കൂടി ശ്രദ്ധിക്കേണ്ട കാര്യമാണ്. കുട്ടികളുടെ കയ്യിലുള്ള മൊബൈൽ ഫോൺ ഉപയോഗിച്ച് അവർ ചെയ്യുന്ന കാര്യങ്ങൾ നിരീക്ഷിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. ആധുനികമായ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് അവർ ചെയ്യുന്ന പ്രവർത്തികളെ നിരീക്ഷിക്കാനും തെറ്റായ പാതയിലൂടെ പോകുന്നുവെങ്കിൽ അവരെ തടയാനുമുള്ള ഉത്തരവാദിത്തം മാതാപിതാക്കളും രക്ഷകർത്താക്കളും കൂടി ശ്രദ്ധിക്കേണ്ടതിന്റെ അടിയന്തര ആവശ്യം കൂടി ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, നിലവിൽ അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. സാധാരണക്കാരായ ആളുകൾക്ക് ഒരു പരാതിയുമായി പോലീസ് സ്റ്റേഷനുകളിലോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അടുത്തോ ചെല്ലാ

നുള്ള പേടിയും സംവിധാനവും നിലനിൽക്കുകയാണ്. അതുകൊണ്ട് കൂടുതൽ ചെലവില്ലാത്ത രീതിയിൽ ഒരു പുതിയ സംവിധാനം അങ്ങ് ശ്രമിച്ചാൽ നടത്താവുന്നതേയുള്ളൂ. കാരണം നിലവിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും സൈബർ കേസുകൾ കൈകാര്യം ചെയ്യാൻ കഴിവുള്ള ട്രെയിൻഡ് ആയിട്ടുള്ള രണ്ട് പോലീസുകാരെ ഇതിനുവേണ്ടി മാത്രം ചുമതലപ്പെടുത്തിയാൽ തീർച്ചയായും ഇതിനൊരു പരിഹാരം കുറേയൊക്കെ ഉണ്ടാക്കാൻ കഴിയും. അതുകൊണ്ട് ചുമതലപ്പെടുത്തുന്ന പോലീസുകാരിൽ ഒരാൾ വനിതയാണെങ്കിൽ വളരെയേറെ പ്രയോജനകരമാകും. അക്കാര്യത്തിൽ അങ്ങ് നടപടിയെടുക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇപ്പോൾ ജില്ലാതലത്തിൽ തിരുവനന്തപുരത്ത് മാത്രമാണ് സൈബർ പോലീസ് സ്റ്റേഷൻ ഉള്ളത്. അടുത്ത ഘട്ടമായി എറണാകുളത്ത് ഒരു പുതിയ സൈബർ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചുവരികയാണ്. അടുത്ത ഘട്ടം കോഴിക്കോടും ആരംഭിക്കുന്നതാണ്. ഈ മൂന്ന് നഗരങ്ങളിലും സൈബർ പോലീസ് സ്റ്റേഷൻ ഉണ്ടാകുന്നതാണ്. സൈബർ പോലീസ് സ്റ്റേഷൻ ഒരു എസ്.പി. യുടെ നേതൃത്വത്തിൽ ഇപ്പോൾ തിരുവനന്തപുരത്ത് മാത്രമാണ് പ്രവർത്തിക്കുന്നത്. വളരെ വിപുലമായ അധികാരങ്ങളോടുകൂടിയ സംവിധാനത്തോടുകൂടിയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അടുത്തതായി എറണാകുളത്തും കോഴിക്കോടുമായി സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിക്കും. ബഹുമാനപ്പെട്ടമെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇത് ആരംഭിക്കുന്നകാര്യത്തെപ്പറ്റി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## പമ്പാ ആക്ഷൻ പ്ലാൻ

ശ്രീ. രാജു എബ്രഹാം: സർ, പമ്പാ ആക്ഷൻ പ്ലാൻ കേരളത്തിലെ ആദ്യത്തെ മോഡൽ പദ്ധതിയായ റിവർ ആക്ഷൻ പ്ലാൻ ആയിരുന്നു. 2003-ൽ ഈ പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകി. 2014 ആയപ്പോൾ 11 വർഷമായിട്ടും ഈ പദ്ധതിക്ക് അതിന്റെ രണ്ടാം ഘട്ടത്തിലേക്ക് പോകുവാനോ കാര്യമായ നേട്ടങ്ങളുണ്ടാക്കുവാനോ കഴിഞ്ഞിട്ടില്ല എന്നുള്ള ഒരു യാഥാർത്ഥ്യത്തിൽ നിന്നുകൊണ്ടാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം ഞാൻ അവതരിപ്പിക്കുന്നത്. പമ്പാ ആക്ഷൻ പ്ലാൻ പദ്ധതി രൂപീകരിക്കുമ്പോൾ നമുക്കുണ്ടായിരുന്ന ലക്ഷ്യം കേരളത്തിലെ 44 നദികളിലും വേമ്പനാട് കായലടക്കമുള്ള എല്ലാ തടാകങ്ങളിലും ഈ ആക്ഷൻ പ്ലാനുകളുണ്ടാക്കി വെള്ളം പരമാവധി ശുദ്ധീകരിക്കണം എന്ന കാഴ്ചപ്പാട് ആയിരുന്നു. വേമ്പനാട് കായലിനെ സംബന്ധിച്ചിടത്തോളമുള്ള ഒരു പഠന റിപ്പോർട്ട് തയ്യാറായെങ്കിലും കേന്ദ്രസർക്കാരിൽ അത് കൊടുത്ത് അതിനുള്ള അംഗീകാരം വാങ്ങാനും ദൗർഭാഗ്യവശാൽ ഒരു നടപടിയെടുക്കാനും കഴിഞ്ഞില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്തരം പദ്ധതികൾ നടപ്പാക്കാനുള്ള ഏറ്റവും വലിയ പിടിപ്പുകേടിന്റേയും വീഴ്ചയുടേയും ഏറ്റവും വലിയ ഉദാഹരണമാണ് പമ്പാ ആക്ഷൻ പ്ലാൻ. ഈ ഗവൺമെന്റ് വന്നതിനു ശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ രണ്ടുതവണ യോഗം വിളിച്ചുകൂട്ടി. പക്ഷേ കാര്യങ്ങൾ ഒന്നുംതന്നെ മുന്നോട്ടുപോയിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. വളരെ പ്രതീക്ഷയോടെയാണ് 1996-ൽ അന്നത്തെ കേരളനിയമസഭ പരിസ്ഥിതി കമ്മിറ്റി പമ്പയും സന്നിധാനവുമെല്ലാം സന്ദർശി

ച്ചത്. ഇന്നത്തെ ഗവൺമെന്റിലുള്ള ബഹുമാനപ്പെട്ട എം.കെ. മുനീർ, ശ്രീ. എളമരം കരീം മുൻ കേന്ദ്രമന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ, മുൻമന്ത്രി ശ്രീ. കെ. പി. രാജേന്ദ്രൻ എന്നിവരടക്കം ഞാനുൾപ്പെട്ട കമ്മിറ്റിയായിരുന്നു. ആ കമ്മിറ്റിയിൽ ഞാൻ തന്നെയാണ് ഗംഗാ ആക്ഷൻ മോഡലിൽ ഒരു പമ്പാ ആക്ഷൻ പ്ലാൻ ഉണ്ടാകണം എന്നുള്ള നിർദ്ദേശം വച്ചത്. അതനുസരിച്ച് ഗംഗാ ആക്ഷൻ പ്ലാൻ നടപ്പാക്കിയ സ്ഥലങ്ങൾ മുഴുവൻ ഞങ്ങൾ സന്ദർശിച്ചു. അതുപോലെ തന്നെ തിരുപ്പതി അടക്കമുള്ള സ്ഥലങ്ങൾ സന്ദർശിച്ചു. അതിനുശേഷം 1998-ൽ ഈ പദ്ധതി നടപ്പാക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാരുടെ നിർദ്ദേശപ്രകാരം മലിനീകരണ നിയന്ത്രണ വകുപ്പുമന്ത്രി ശ്രീ. എ. സി. ഷൺമുഖദാസ് മുൻകൈ എടുത്ത് ക്യാബിനറ്റ് അംഗീകരിച്ച് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു. 2003-വരെ താമസിക്കേണ്ടിവന്നു. ഇന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, അന്നത്തെ എം. പി. ശ്രീ. ഫ്രാൻസിസ് ജോർജ് എന്നിവർ പാർലമെന്റിൽ ഇത് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട ജനപ്രതിനിധികളാണ്. പക്ഷേ 2003-ൽ ഈ പദ്ധതിക്ക് 18 കോടി രൂപയുടെ അംഗീകാരം കിട്ടിയെങ്കിലും നമുക്ക് കാര്യങ്ങളുമായി പടിപടിയായി മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. വനം വകുപ്പായിരുന്നു ഏറ്റവും വലിയ തടസ്സമുണ്ടാക്കിയത്. ഏറ്റവുമൊടുവിൽ കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനകാലഘട്ടം സന്നിധാനത്തും പമ്പയിലും രണ്ട് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഉണ്ടാക്കാൻവേണ്ടി 29 കോടിരൂപ അനുവദിച്ചു. അതിൽ 26 കോടിരൂപയുടെ പദ്ധതിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വന്ന് തറക്കല്ലിട്ടു. പക്ഷേ കാലവർഷം വന്നതുകൊണ്ട് അതിന്റെ

കാര്യമായ പണിയുമായി മുന്നോട്ടുപോകാൻ കഴിയുന്നില്ല. 100 മില്ലിലിറ്റർ വെള്ളത്തിൽ പരമാവധി കാണേണ്ട കോളിഫാം ബാക്ടീരിയയുടെ എണ്ണം 500 ആണ്. ഞങ്ങൾ 96-ൽ കമ്മിറ്റി പരിശോധിക്കുമ്പോൾ കണ്ടെത്തിയ കോളിഫാം ബാക്ടീരിയയുടെ എണ്ണം മൂന്ന് ലക്ഷത്തിൽ അധികമാണ്. വേമ്പനാട് കായൽവരെയുള്ള അവസ്ഥ ഇതാണ്. കേരളത്തിലെ 44 നദികളിൽ ഇത്രയും വരില്ല എങ്കിൽപ്പോലും ഏതാണ്ട് മലിനീകരണത്തിന്റെ തോത് ഈ നിലയിലാണ്. രണ്ടാമത് തീരുമാനിച്ചത് പെരിയാറിനെ ശുദ്ധമാക്കാൻ വേണ്ടി പെരിയാർ ആക്ഷൻ പ്ലാൻ ഉണ്ടാക്കണമെന്നുള്ള ഒരു പ്രൊപ്പോസലായിരുന്നു. ആദ്യത്തെ ആക്ഷൻ പ്ലാനിന്റെ കാര്യം ഈ അവസ്ഥയിൽ നിൽക്കുകയാണെന്ന് നമുക്കറിയാം. അതുകൊണ്ട് കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്തരം പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം, വീഴ്ച, പിടിപ്പുകേട് എന്നിവ വളരെ ഗുരുതരമാണ്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ഉന്നത നിലയിലേക്ക് ഉയരണം. ജലവിഭവ വകുപ്പുമന്ത്രിയാണ് ഇന്ന് മറുപടി പറയുന്നത്. ഇതിന്റെ മറ്റൊരു പോർഷൻ മുഴുവൻ ദേവസ്വം വകുപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. മലിനീകരണ പ്ലാന്റുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് തയ്യാറാക്കിയ പദ്ധതി നടപ്പാക്കാൻ ചുമതലപ്പെടുത്തിയത് ദേവസ്വം ബോർഡിനെയാണ്. വേറെ ഏതെങ്കിലും വകുപ്പിനെ ഏൽപ്പിക്കുമോ എന്നറിയില്ല. ഒരു കൃത്യത ഇതിനെ സംബന്ധിച്ച് ഗവൺമെന്റിനില്ല. ഇതു സംബന്ധിച്ച് ഒരു പമ്പാ അതോറിറ്റി നിയമസഭ പാസ്സാക്കിയതാണ്. അങ്ങനെ ഒരു അതോറിറ്റി ഉണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ അതോറിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല. പഴയ അതോറിറ്റി വിളിച്ചുകൂട്ടിയിട്ടില്ല. ഇങ്ങനെയുള്ള പിടിപ്പുകേട് മറുഭാഗത്തുണ്ട്.

ഇതിന്റെയെല്ലാം ഒരു സംക്ഷിപ്തരൂപം ആയതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടിട്ടുപോലും ഈ പദ്ധതിയുടെ പ്രോജക്ട് മുമ്പോട്ട് കൊണ്ടുപോകാൻ സാധിക്കുന്നില്ല. ചില വിദേശ സഹായങ്ങൾ തേടിയുള്ള നടപടികൾ ഇടയ്ക്ക് കൊണ്ടുവരികയുണ്ടായി. അതിന് കാലതാമസമുണ്ടായി. കേന്ദ്ര സർക്കാരിനെ സംബന്ധിച്ച് ഇപ്പോൾ 1000 കോടിരൂപയുടെ ഗംഗാ ആക്ഷൻപ്ലാൻ നടപ്പാക്കിയശേഷം വീണ്ടുമൊരു 1000 കോടി രൂപയുടെ ഗംഗാ ആക്ഷൻപ്ലാനിലേക്ക് പോകുകയാണ്. അവിടെ നമ്മൾ പദ്ധതി സമർപ്പിച്ചാൽ നമുക്കാവശ്യമുള്ള ഫണ്ട് കിട്ടും. 319 കോടി രൂപയുടെ പദ്ധതിയാണ് ആദ്യം സമർപ്പിച്ചത്. അപ്പോൾ 18 കോടി രൂപയാണ് ലഭിച്ചത്. ഇപ്പോൾ ഇതിന്റെ മീറ്റിംഗ് കൂടി ഏതാണ്ട് 1100 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയത്. പക്ഷേ അതെല്ലാം ഫ്രീസറിൽ വച്ചിരിക്കുന്ന ഒരവസ്ഥയാണ്. ഫ്രീസറിൽ നിന്നും ഈ പദ്ധതി എടുത്ത് കേരളത്തിന്റെ അഭിമാന പദ്ധതിയായി കേരളത്തിലെ ആദ്യത്തെ മോഡൽ റിവർ ആക്ഷൻ പ്ലാൻ ആയ പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കാൻ കഴിയണം. വേമ്പനാട് തടാകം ശുദ്ധീകരിക്കാൻ കഴിയണം. കേരളത്തിലെ 44 നദികളിലും ഇതിന്റെ തുടർച്ചയായി ഈ പദ്ധതി കൊണ്ടുവരാൻ കഴിയണം. കേരളത്തിലെ അവശേഷിക്കുന്ന തടാകങ്ങളും നമുക്ക് ശുദ്ധീകരിക്കാൻ കഴിയണം. ആ നിലയിൽ കാലഘട്ടം നമ്മുടെ മുമ്പിൽ അടിച്ചേൽപ്പിക്കുന്ന മലിനീകരണം എന്ന വെല്ലുവിളിയിൽ നിന്നും നമ്മുടെ നദികളെ ശുദ്ധമാക്കാനുള്ള കർമ്മപദ്ധതിയിലേക്ക് ചുവടുവയ്ക്കാൻ വളരെ കൃത്യതയോടുകൂടിയുള്ള പ്രഖ്യാപനങ്ങളും തീരുമാനങ്ങളും

ഉണ്ടാകണമെന്നാണ് എനിക്ക് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പമ്പാ നദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനായി 2001-ൽ പമ്പാ ആക്ഷൻപ്ലാൻ എന്ന പദ്ധതി 319.76 കോടിരൂപയുടെ കേന്ദ്രസർക്കാർ സഹായത്തിനായി സമർപ്പിച്ചു. ആദ്യഘട്ടമെന്നുള്ള നിലയിൽ 18.45 കോടിരൂപയുടെ പ്രവൃത്തികൾ അംഗീകരിക്കുകയും ചെയ്തു. 12 പ്രവൃത്തികളാണ് ഇതിലുള്ളത്. അവയിൽ രണ്ട് പ്രവൃത്തികൾ സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കി. രണ്ട് പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രധാനപ്രവൃത്തിയായ ശബരിമലയിലെ സ്വീവറേജ് ട്രീറ്റ്മെന്റ് പദ്ധതി തുടങ്ങുവാൻ സമയമെടുത്തെങ്കിലും ഇപ്പോൾ പുരോഗതിയിലാണ്. അതിന്റെ എല്ലാ സാങ്ഷനും മേടിച്ച് ടെണ്ടർ ചെയ്ത പശ്ചാത്തലത്തിലാണ് ഇതിന്റെ പണി ദേവസ്വം ബോർഡ് ഏറ്റെടുക്കാമെന്ന് പറഞ്ഞത്. ദേവസ്വം ബോർഡ് ഏറ്റെടുത്ത പമ്പയിലെ സ്വീവറേജ് പ്ലാന്റിന്റെ പണിയിൽ നല്ല പുരോഗതി ഉണ്ടെന്നാണ് മനസ്സിലാക്കുന്നത്. പമ്പയിലെ സ്വീവറേജ് പ്ലാന്റിന്റെ പണി ഉടനാരംഭിക്കുമെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുമുണ്ട്. ജലസേചന വകുപ്പ് ഏറ്റെടുത്ത സ്റ്റോറേജും വിയറും അനുബന്ധപ്പണികളും പമ്പയിലെ കുളിക്കടവിന്റെ താഴ്ഭാഗത്ത് വിയറിന്റെ പണികളും നിലവിലുള്ള കുളിക്കടവിനെതിർവശത്ത് പുതിയ കുളിക്കടവിന്റെ പണികളും പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ പമ്പാ നദിയും പോഷക നദികളും ഉൾപ്പെടുന്ന പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തണമെന്ന് ജനപ്രതിനിധികളുടെ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. പദ്ധതിയിൽ ഉൾപ്പെ

ട്ടിരുന്ന 28 പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും സമർപ്പിച്ച നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്താണ് പദ്ധതിയുടെ കരട് തയ്യാറാക്കിയിരിക്കുന്നത്. 1200 കോടി രൂപയുടെ ചെലവാണ് ഇതിന് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും അനുമതി തേടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നദികളെയും തടാകങ്ങളെയും മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചനവകുപ്പ് നടപ്പാക്കിവരികയാണ്. തടാകങ്ങൾ, കായലുകൾ, സുസ്ഥിരമായി സംരക്ഷിക്കുന്നതിനുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാനുകൾ എന്നിവ CWRDM-ന്റെ നേതൃത്വത്തിൽ തയ്യാറാക്കി വിവിധ വകുപ്പുകളുടെ സഹായത്തോടെ നടപ്പാക്കിവരുന്നു. നദികൾ മാലിന്യമുക്തമാക്കാനുള്ള പൈലറ്റ് പ്രോജക്ട് എന്നുള്ള നിലയിൽ മറ്റൊരു പ്രോജക്ട് കരമനയാർ, കിള്ളിയാർ എന്നീ നദികളിലെ മാലിന്യങ്ങളെപ്പറ്റി പഠിക്കുന്നതിന് കേന്ദ്രസ്ഥാപനമായ റൈറ്റ്സ്-നെക്കൊണ്ട് പഠനം നടത്തിയിരിക്കുന്നു. ആ റിപ്പോർട്ട് ഏറെത്താമസിയാതെ കേന്ദ്രത്തിന് സമർപ്പിക്കുന്നതാണ്. ചെക്ക് ഡാമുകളിൽ ശേഖരിക്കുന്ന വെള്ളത്തോടൊപ്പം അടിഞ്ഞുകൂടുന്ന മാലിന്യം ജലലഭ്യതയുള്ള സമയങ്ങളിൽ തുറന്നുവിട്ട് ഫ്ളഷിംഗ് നടത്തി മാലിന്യലഘൂകരണം നടത്തുന്നുമുണ്ട്. നദികളിൽ ഓരുവെള്ളം കയറുന്നത് തടയാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഇത് സംബന്ധിച്ച് ഒരു ഉന്നത തലയോഗം വിളിച്ചിട്ട് ഇപ്പോൾ ഒന്നര വർഷമായി. അതുകൊണ്ട് ഈ സഭ പിരിയുന്നതിനുമുമ്പ് ഉന്നതതല യോഗം വിളിച്ചുകൂട്ടി പുരോഗതികൾ വിലയിരുത്താൻ വേണ്ടി അങ്ങ് തയ്യാറാകുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തേ രണ്ട് യോഗത്തിൽ പങ്കെടുത്തതാണ്. അദ്ദേഹത്തെക്കൂടെ പങ്കെടുപ്പിച്ചുകൊണ്ട്,

നിയമസഭ രൂപീകരിച്ച പമ്പാ അതോറിറ്റി പുന:സംഘടിപ്പിക്കുകയോ വിളിച്ചു കൂട്ടുകയോ ചെയ്യുന്നില്ല. അത് അടിയന്തരമായി വിളിച്ചുകൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഏറ്റവും പ്രധാനപ്പെട്ട സ്വീവറേജ് പ്ലാന്റിന്റെ പണിയിൽ പുരോഗതിയുണ്ട്. അതിന് ദേവസ്വം വകുപ്പുമന്ത്രിയും കൂടി പങ്കെടുക്കേണ്ടതായിട്ടുണ്ട്. ഇവിടെ നിർദ്ദേശിച്ച ഉന്നതതലയോഗം ഏറ്റവും വേഗം കൂടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.